&

(ബി) പ്രസ്തുത റോഡ് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

1.97 കോടി രൂപ അടങ്കൽ തുകയുള്ള പാലാ റിവർവ്യൂ റോഡ് പദ്ധതിക്ക് 27-3-2018-ൽ 24 മാസത്തെ പൂർത്തീകരണ കാലാവധിക്ക് അടങ്കൽ നൽകിയിട്ടുണ്ട്. 1100 മീറ്റർ നീളമുള്ളതും Integral bridge ആയി രൂപകല്പന ചെയ്തിരിക്കുന്നതുമായ ഈ പ്രവൃത്തിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കോവിഡ്-19 രോഗവ്യാപനംമൂലം നിലവിൽ തുടർന്നുവരുന്ന ലോക്ഡൗൺമൂലമുള്ള പരിമിതികൾ കാരണവും പ്രവൃത്തിക്ക് അനിവാര്യമായ സാങ്കേതിക വിദഗ്ധരുടെയും ജോലിക്കാരുടെയും ദൗർലഭ്യംമൂലവും 2018-2019 വർഷങ്ങളിൽ മൺസൂൺ കാലത്ത് പ്രളയം കാരണം നദിയിൽ ജലനിരപ്പ് ഉയർന്നുനിന്നതിനാലും ടി സൈറ്റിൽ നിന്നിരുന്ന ചില വൃക്ഷങ്ങൾ നിയമാനുസൃതം മുറിച്ചുമാറ്റുന്നതിന് പുനർലേലങ്ങൾ നടത്തേണ്ടി വന്നതിനാലും യഥാസമയം പൂർത്തികരിക്കുവാൻ സാധിച്ചില്ല. ഈ പ്രവൃത്തിയിൽ ആകെയുള്ള 147 പൈലുകളും 49 പൈൽ ക്യാപ്പുകളിൽ 45 എണ്ണവും 176 pre stressed girder-കളിൽ 50 എണ്ണവും പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തര പ്രാധാന്യത്തോടെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണം

47(2403) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും ഖണ്ഡിക 156, 157 പ്രകാരമുള്ള 182 പദ്ധതികളിൽ 102-ാം പദ്ധതിയുമായ വടക്കാഞ്ചേരി ബൈപ്പാസ് നിർമ്മാണത്തിന് കിഫ്ബി പദ്ധതി പ്രകാരം നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

20 കോടി രൂപ.

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പ്രാഥമിക ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെന്റിന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ചെയിനേജ് 1/460-ൽ ഒരു പാലവും ചെയിനേജ് 4/820-ൽ ഒരു റെയിൽവേ മേൽപ്പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ കിഫ്ബിയുടെ ടെക്നിക്കൽ റിസോഴ്സ് വിംഗിന്റെ സഹായത്തോടുകൂടി നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡി.പി.ആർ. ലഭ്യമാക്കി, കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മാവൂർ റോഡ് നവീകരണത്തിനായി വാങ്ങിയ സ്ഥലം

48(2404) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണ് എടുക്കുന്നതിന് സർക്കാർ വിലകൊടുത്ത് വാങ്ങിയ എത്ര പ്ലോട്ടുകൾ സംരക്ഷിക്കപ്പെടാതെയും ഉപയോഗപ്പെടുത്താതെയും ഇട്ടിരിക്കുന്നു എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. തൊണ്ടയാട്, വെള്ളിപറമ്പ് ആറാം മൈൽ, കല്ലേരി, കല്ലംപാറ എന്നീ നാല് സ്ഥലങ്ങൾ ഉപയോഗപ്പെടുത്താതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിൽ എത്ര സ്ഥലം കയ്യേറ്റങ്ങൾക്ക് വിധേയമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

താലൂക്ക് സർവ്വേയർ മുഖേന സർവ്വേ നടത്തിയതിനുശേഷമേ സ്ഥലം കയ്യേറിയിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ.

(സി) റോഡ് വികസനത്തിന് ആവശ്യമില്ലാത്ത ഇത്തരം സ്ഥലങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ?

പൊതുമരാമത്ത് വക റോഡിനോട് ചേർന്ന സ്ഥലങ്ങളും സമീപത്തുള്ള പുറമ്പോക്ക് സ്ഥലങ്ങളും പതിച്ചു നൽകുന്നത് റോഡ് വീതി കൂട്ടുന്നതുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു എന്നതിനാൽ അപ്രകാരം പൊതുമരാമത്തുവക സ്ഥലങ്ങൾ പതിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിഗണിക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ 30-9-2009-ൽ 20541/സി3/2009/പൊ.മ.വ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഇല്ലാത്ത പെരുവയൽ, കുറ്റിക്കാട്ടൂർ വില്ലേജ് ഓഫീസുകൾക്ക് സ്ഥലം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly